(സി) പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് അതാത് വർഷം തന്നെ നൽകന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിലെ സ്വയംപര്യാപ്ത ഗ്രാമങ്ങൾ

221 (5024) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി സ്വയംപര്യാപ്തഗ്രാമങ്ങൾ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ എത്ര ഗ്രാമങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട് ;

(ബി) പദ്ധതി ആരംഭിച്ചതിനുശേഷം കോട്ടയം ജില്ലയിൽ നിന്ന് ഓരോ വർഷവും തിരഞ്ഞെടുത്ത പട്ടികജാതി സ്വയംപര്യാപ്തഗ്രാമങ്ങൾ ഏതൊക്കെ എന്നും ഏതൊക്കെ നിയോജകമണ്ഡലങ്ങളിലും പഞ്ചായത്തിലുംപ്പെട്ടതാണെന്നും വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയിൽ ഇതുവരെ എത്ര ഗ്രാമങ്ങളുടെ പണി പൂർത്തിയായിട്ടുണ്ടെന്നും പദ്ധതി പൂർത്തിയാക്കാൻ അനുവദിച്ചിട്ടുള്ള കാലയളവ് എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-13-ൽ 114-ഉം 2013-14-ൽ 103-ഉം കോളനികളാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) കോട്ടയം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട സ്വയംപര്യാപ്ത ഗ്രാമങ്ങൾ, വർഷം, നിയോജകമണ്ഡലം, പഞ്ചായത്ത് എന്നിവ തിരിച്ച് ചുവടെ ചേർക്കുന്നു :

2012-13

ക്രമ നമ്പർ	നിയോജക മണ്ഡലം	പഞ്ചായത്ത്	കോളനി
(1)	(2)	(3)	(4)
1.	ചങ്ങനാശ്ശേരി(LS)	കുറിച്ചി	സചിവോത്തമപുരം
2.	ഏറ്റുമാനൂർ	ഏറ്റുമാനൂർ	മോഡേൺ ഹരിജൻ കോളനി

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
3	പൂഞ്ഞാർ	എരുമേലി	ശ്രീനിപുരം കോളനി
4.	കാഞ്ഞിരപ്പള്ളി	മണിമല	മാതൃക ഹരിജൻ കോളനി
5.	വൈക്കം	ചെമ്പ്	ഇരുത്തേൽ
6.	കടുത്തുരുത്തി	കടപ്ലമറ്റം	ഇലക്കാട് ഐ.എച്ച്.ഡി.പി. കോളനി
7	കോട്ടയം	വിജയപുരം	കൊശമറ്റം
8	കോട്ടയം (LS)	വെള്ളൂർ	മടത്തടം പട്ടികജാതി കോളനി
9.	പൂഞ്ഞാർ	കോരുത്തോട്	504ഐ.എച്ച്.ഡി.പി. കോളനി

2013-14

ക്രമ നമ്പർ	നിയോജക മണ്ഡലം	പഞ്ചായത്ത്	കോളനി
1.	വൈക്കം	വെള്ളൂർ	മുഴിക്കോട് കോളനി
2.	പൂഞ്ഞാർ	പൂഞ്ഞാർ തെക്കേക്കര	ഐ.എച്ച്.ഡി.പി. കോളനി, കുന്നോന്നി
3.	കോട്ടയം	കോട്ടയം	നിർമ്മിതി കോളനി
4.	കാഞ്ഞിരപ്പള്ളി	കറുകച്ചാൽ	ഉമ്പിടി ഹരിജൻ കോളനി
5.	ചങ്ങനാശ്ശേരി	മാടപ്പള്ളി	മാടപ്പള്ളി പട്ടികജാതി കോളനി

(സി) ഈ പദ്ധതി പ്രകാരം 15 കോളനികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. കരാർ ഒപ്പിട്ട് 6 മാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly